**A**

# സമഗ്ര ശിക്ഷാ, കേരളം

**805**

## പാദവാർഷിക മൂല്യനിർണയം 2022-23

## സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : 8

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും നന്നായി വായിച്ചു മനസ്സിലാക്കുക
- ഉത്തരമെഴുതുമ്പോൾ സ്കോറും സമയവും പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** (5 x2 = 10)

1. ഗവൺമെന്റിന്റെ ഒരു പ്രധാന ഘടകമാണ് കാര്യനിർവഹണ വിഭാഗം. മറ്റ് ഘടകങ്ങളേതെല്ലാം?
2. താമ്രശിലായുഗത്തിന്റെ സവിശേഷതകളെന്തെല്ലാം?
3. മെസൊപ്പൊട്ടാമിയയിൽ ഉദയം ചെയ്യുകയും അസ്തമിക്കുകയും ചെയ്ത ഏതെങ്കിലും രണ്ട് സംസ്കാരങ്ങളുടെ പേരെഴുതുക.
4. മണ്ണ് സംരക്ഷണത്തിനുള്ള ഏതെങ്കിലും രണ്ട് മാർഗ്ഗങ്ങൾ എഴുതുക.
5. ഹരപ്പൻ സംസ്കാരത്തിന്റെ തകർച്ചയ്ക്കുള്ള കാരണങ്ങളെന്തെല്ലാം?

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.**

(4 x3 = 12)

6. ഭൂമിയുടെ ഉള്ളറയെക്കുറിച്ച് മനസ്സിലാക്കുന്നതിന് സഹായകമായ മാർഗങ്ങളെന്തെല്ലാം?
7. നദീതട സംസ്കാരങ്ങളുടെ പൊതുസവിശേഷതകൾ എഴുതുക.
8. നിയമനിർമ്മാണമാണ് പാർലമെന്റിന്റെ പ്രധാന ചുമതല. മറ്റു ചുമതലകൾ എന്തെല്ലാം?
9. പ്രാചീന ശിലായുഗത്തിൽ സാങ്കേതിക രംഗത്ത് മനുഷ്യൻ കൈവരിച്ച നേട്ടങ്ങൾ എഴുതുക.
10. ചാർട്ട് പൂർത്തിയാക്കുക

| മണ്ണിന്റെ രൂപീകരണ ഘടകങ്ങൾ | | | |
|---|---|---|---|
| എ | ഭൂപ്രകൃതി | ബി | സി |

---

**11 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം.** (2 x4 = 8)

11. രാജ്യസഭയുടെ സവിശേഷതകൾ എഴുതുക.

12. 'എ' കോളത്തിന് അനുയോജ്യമായി 'ബി' കോളം ക്രമപ്പെടുത്തിയെഴുതുക.

| എ | ബി |
|---|---|
| ഹരപ്പൻ സംസ്കാരം | സ്ഫിംഗ്സ് |
| ചൈനീസ് സംസ്കാരം | വലിയ കുളം |
| മെസൊപ്പൊട്ടാമിയൻ സംസ്കാരം | ചിത്രലിപി |
| ഈജിപ്ഷ്യൻ സംസ്കാരം | സിഗുറാത്ത് |

13. ഭൗതിക അപക്ഷയവും രാസിക അപക്ഷയവും തമ്മിലുള്ള വ്യത്യാസമെന്ത്?

**14 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 5 സ്കോർ വീതം.**

(2 x5 = 10)

14. നവീന ശിലായുഗത്തിന്റെ സവിശേഷതകൾ വിശദമാക്കുക.

15. രൂപം കൊള്ളുന്ന പ്രക്രിയയുടെ അടിസ്ഥാനത്തിൽ ശിലകളെ തരംതിരിച്ച് വിശദമാക്കുക.

16. ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ സംഭാവനകൾ താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക.

**സൂചകങ്ങൾ**

- പിരമിഡ്
- എഴുത്തുവിദ്യ
- ശാസ്ത്രം